<u>ക്വട്ടേഷൻ നോട്ടീസ്</u>

നമ്പർ: ഓണം/2016 07.09.2016

കേരള സർക്കാരിന്റെ 2016 ലെ ഓണാഘോഷത്തോടനുബന്ധിച്ച് തിരുവനന്തപുരത്ത് വച്ച് സെപ്റ്റംബർ 18-ആം തീയതി നടക്കുന്ന ഘോഷയാത്രയില് അവതരിപ്പിക്കുന്നതിനുള്ള ഒരു നിശ്ചലദൃശ്യം (ഫ്ലോട്ട്) തയ്യാറാക്കുന്നതിനുവേണ്ടി മുൻ പരിചയമുള്ള ആർട്ടിസ്റ്റുകൾ/ സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷന് ക്ഷണിച്ചുകൊള്ളുന്നു.

വിഷയം : ഊർജ്ജസംരക്ഷണവും സ്റ്റാര് ലേബലിംഗം
അടങ്കൽ തുക : 3 ലക്ഷം രൂപ

ക്വട്ടേഷനിൽ പങ്കെടുക്കുവാന് ഉദ്ദേശിക്കുന്ന വ്യക്തികള്/സ്ഥാപനങ്ങള് ഫ്ളോട്ടിന്റെ ആശയം ലഭ്യമാക്കിയിട്ടുള്ളതിനനുസരിച്ചുള്ള മാതൃകകൾ വരച്ച് ക്വട്ടേഷനോടൊപ്പം ഹാജരാക്കേണ്ടതാണ്.

**<u>വ്യവസ്ഥകൾ :-</u>**

നല്ല പ്രകാശം പരത്തുന്ന ഹാലജൻ/എൽ.ഇ.ഡി ലൈറ്റുകൾ ഉപയോഗിച്ച് ഫ്ലോട്ട് (ഫ്ലാറ്റ്ഫോം, വാഹനത്തിനു നാലുവശവും) വേണ്ടത്ര പ്രകാശമാനമാക്കേണ്ടതാണ്. ആവശ്യത്തിനു സീരിയൽ ലൈറ്റുകളും ഫ്ലോട്ടില് പ്രകാശിപ്പിക്കേണ്ടതാണ്. ഈ ലൈറ്റുകളൊക്കെ പ്രകാശിപ്പിക്കാനാവശ്യമായ ജനറേറ്റർ സംവിധാനം ഒരുക്കേണ്ടതും (ഇന്ധനം ഉൾപ്പെടെ) പ്രസ്തുത ക്വട്ടേഷന് എടുക്കുന്ന വ്യക്തി/സ്ഥാപനത്തിന്റെ ചുമതലയാണ്. ഇതെല്ലാം ഒരുക്കേണ്ട വാഹനം/ വാഹനങ്ങള് വാടകയ്ക്ക് എടുക്കേണ്ടതും, ഇതുമായി ബന്ധപ്പെട്ട മറ്റെല്ലാ ഒരുക്കങ്ങളും നിർവ്വഹിക്കേണ്ടതും ക്വട്ടേഷന് ഏറ്റെടുക്കുന്ന വ്യക്തി/സ്ഥാപനത്തിന്റെ ചുമതലയായിരിക്കും.

കൂടാതെ ഫ്ലോട്ടിന്റെ രണ്ടു വശങ്ങളിലും (മുഴുനീളത്തില്), പിറകിലും (പ്ലാറ്റ്ഫോമിനു താഴെ) കുറഞ്ഞത് 3 അടി ഉയരമുള്ള ബോർഡ് സ്ഥാപിക്കേണ്ടതും അതിന്റെ താഴെ തുണി ഉപയോഗിച്ച് അലങ്കരിക്കേണ്ടതുമാണ്. ബോർഡില് എഴുതേണ്ട/പതിക്കേണ്ട വിഷയം ഇ.എം.സിയിൽ നിന്നും ലഭ്യമാക്കുന്നതാണ്.

ഫ്ലോട്ടിൽ സൗണ്ട് സിസ്റ്റം പ്രവർത്തന സജ്ജമാക്കേണ്ടതാണ്. ഇ.എം.സി യിൽ നിന്നും തരുന്ന വിഷയം റെക്കോഡ് ചെയ്ത് ഘോഷയാത്ര തുടങ്ങുന്നതു മുതല് കഴിയുന്നതുവരെ കേൾപ്പിക്കേണ്ടതുമാണ്.

ഏറ്റവും നല്ല മാതൃകയിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തുന്ന വ്യക്തി/സ്ഥാപനത്തെയായിരിക്കും ജോലി ഏൽപ്പിക്കുക.

**<u>പേയ്മെന്റ് വ്യവസ്ഥകൾ :</u>**

വർക്ക് ഓർഡര് പ്രകാരം അംഗീകരിച്ച ആകെതുകയുടെ 30% ഒന്നാം ഗഡു ആയിട്ടും, ജോലിയുടെ പുരോഗതി വിലയിരുത്തി 30% രണ്ടാംഗഡു ആയിട്ടും ബാക്കി തുകയായ 40% ഘോഷയാത്ര പൂർത്തിയായതിനുശേഷവും നൽകുന്നതാണ്.

പൂർണ്ണ രൂപത്തിലുള്ള ക്വട്ടേഷനുകള് താഴെ പറയുന്ന വിലാസത്തില് 09.09.2016 വൈകുന്നേരം 4 മണിയ്ക്ക് മുമ്പായി ലഭിക്കേണ്ടതാണ്.

**ഡയറക്ടർ**
എനർജി മാനേജ്മെന്റ് സെന്റർ-കേരള
ശ്രീകൃഷ്ണ നഗർ, ശ്രീകാര്യം.പി.ഒ
തിരുവനന്തപുരം — 17
ഫോൺ : 0471 2594922, 2594924

കൂടുതല് വിവരങ്ങൾക്ക് പി.ആർ.ഒ യുമായി ബന്ധപ്പെടുക.

ഒപ്പ്
ഡയറക്ടർ

**<u>പകർപ്പ്:</u>**

1) നോട്ടീസ് ബോർഡ്
2) ഇ.എം.സി വെബ്സൈറ്റ്
3) ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്